പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2267 16.8.2017 -ൽ മറുപടിയ്ക്ക്

# കെ.ടി.ഡി.സി. യുടെ പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. എ.പി. അനിൽ കുമാർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ കാലത്തിനനുസൃതമായ വിപണന തന്ത്രം ആവിഷ്കരിക്കുന്നതിനും ലാഭകരമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; | എ) | കേരളത്തിൽ ഹോട്ടൽ & റിസോർട്ട് ശൃംഖലയുള്ള കെ.ടി.ഡി.സി. ഏറ്റവും ചുരുങ്ങിയ ചെലവിൽ, ഉപഭോക്താവിന്റെ അടുത്ത് എത്തുക എന്നതാണ് പ്രധാന തന്ത്രം. കെടിഡിസിയുടെ സ്ഥാപനങ്ങൾ വിവിധ വരുമാനശ്രേണിയിലുള്ളവർക്കും, വിവിധങ്ങളായ താത്പര്യങ്ങൾ ഉള്ളവർക്കും വേണ്ടിയുള്ളതാണ്. കൂടുതൽ കെ.ടി.ഡി.സി ഹോട്ടലുകളും 10 മുറികൾ മുതൽ 20 മുറികൾ വരെയുള്ളതാണ്. അതിനാലാണ് മേൽപ്പറഞ്ഞ തന്ത്രം ആവിഷ്കരിക്കുന്നത്. മേൽപ്പറഞ്ഞ ഉദ്ദേശ ലക്ഷ്യങ്ങൾ അനുസരിച്ച് അന്തർദേശീയ ഓൺലൈൻ ട്രാവൽ ഏജൻസികളായ അഗോഡ, എക്സ്പീഡിയ, ബുക്കിങ്-കോം തുടങ്ങിയ വെബ് പോർട്ടലുകൾ വഴിയും ആഗോള താത്പര്യമുള്ള ഇൻഡ്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മെയ്ക്ക് മൈട്രിപ്പ്, യാത്ര, ക്ലിയർ ട്രിപ്പ് തുടങ്ങിയവ വഴിയും ആഗോള സാന്നിദ്ധ്യവും, വിപണനവും നടത്തുന്നു. വരും വർഷങ്ങളിൽ സോഫ്റ്റ് വെയർ സാങ്കേതിക വിദ്യ ഉപയോഗിച്ച് അവ വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | കണ്ണൂർ വിമാനത്താവളം ഉടൻ പ്രവർത്തനക്ഷമമാകുന്ന സാഹചര്യത്തിൽ വടക്കൻ കേരളത്തിലെ വിനോദ സഞ്ചാര വികസനത്തിന് എന്തൊക്കെ പുതിയ പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്കരിച്ചിട്ടുള്ളത്; | ബി) | മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ടും, ബേക്കലിൽ നിലവിലുള്ള 6 കോട്ടേജുകൾക്കൊപ്പം 24 എണ്ണം കൂടെ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലാണ്. |
| സി) | സാധാരണക്കാർക്ക് കൂടി കുറഞ്ഞ ചെലവിൽ താമസിക്കുവാൻ കഴിയുന്നതരത്തിലുള്ള ബഡ്ജറ്റ് ഹോട്ടലുകൾ ടൂറിസം കേന്ദ്രങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും ആരംഭിക്കുന്നതിന് കെ.ടി.ഡി.സി. നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ